പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 293 — 03.04.2013 - ൽ മറുപടിയ്ക്ക്

**'ആശ്വാസ കിരണം' പദ്ധതി**

ചോദ്യം — ഉത്തരം

ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി . സി. ജോർജ്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് നിലവിൽ എന്തു സംവിധാനമാണുള്ളത് ; നിലവിലുള്ള സംവിധാനം ഇതര ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) | മാനസികമായും ശാരീരികമായും വെല്ലുവിളികൾ അനുഭവിക്കുന്ന പൂർണ്ണസമയം മറ്റൊരാളുടെ സംരക്ഷണം ആവശ്യമായി വരുന്ന രോഗികളുടെ പരിചാരകർക്ക് പ്രതിമാസം 400 രൂപാ നിരക്കിലുള്ള ധനസഹായം സംസ്ഥാനത്ത് ഒട്ടാകെ ആശ്വാസ കിരണം പദ്ധതിയിലൂടെ സാമൂഹ്യ സുരക്ഷാമിഷൻ നൽകി വരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിൽ HMDC (Home for Mentally Deficient Children) എന്ന സ്ഥാപനവും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ഓരോ ബാലവികലാംഗ സദനവും പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനം ഇതര ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ജന്മനായുള്ള വൈകല്യത്താൽ ശയ്യാവലംബിതരായിട്ടുള്ളവരും രോഗികളുമായവരുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണുള്ളത്; | (ബി) | ജന്മനായുള്ള വൈകല്യത്താൽ ശയ്യാവലംബിതരായിട്ടുള്ളവരും രോഗികളുമായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികളിലൂടെ നടപ്പാക്കുന്ന 'താലോലം' പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. ജന്മനാ വൈകല്യത്താൽ ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് മാസം തോറും ധനസഹായം നൽകി വരുന്ന 'ആശ്വാസ കിരണം' പദ്ധതിയും നിലവിലുണ്ട്. |
| (സി) | ശയ്യാവലംബിതരായി സ്വന്തം വീടുകളിലും മറ്റും ബന്ധുക്കളുടെ പരിചരണത്തിലും കഴിയുന്നവർക്കും പരിചരിക്കുന്നവർക്കും 'ആശ്വാസ കിരണം' പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കാൻ തടസ്സമുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | തടസ്സമില്ല |
| (ഡി) | 2013 - 14 സാമ്പത്തിക വർഷം ഇപ്രകാരം അവശത അനുഭവിക്കുന്നവരുടെ സംരക്ഷണാർത്ഥം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ? | (ഡി) | അവശത അനുഭവിക്കുന്നവരുടെ സംരക്ഷണത്തിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന ആശ്വാസകിരണം, താലോലം പദ്ധതികൾ 2013-2014 സാമ്പത്തിക വർഷത്തിലും തുടർന്നു നടപ്പാക്കാനുദ്ദേശിക്കുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ